2023 | നവംബർ 19 - 26 | വില ₹ 30 www.kalakaumudi.com

# കലാകൗമുദി

2516



## ആത്മാവ് നഷ്ടമായ സാഹിത്യനഗരം

എ.സജീവൻ

## ഏറെ വായിക്കുന്നത് ഏറ്റവും തിരക്കുള്ളവർ

വി.ഡി.സതീശൻ

## പിജിയും എമ്മെനും ഓണത്തിന് ഏറ്റുമുട്ടിയ കഥ

ആർ. ജീവകുമാർ

## കഥ

ജോയ് വാഴയിൽ

# കലാകൗമുദി


02 **ചുരുങ്ങിയ ചെലവിൽ വേഗത്തിൽ ഡി.എൻ.എ പരിശോധന**
ജെനീഷ് അഞ്ചുമന

08 **ആത്മാവ് നഷ്ടമായ സാഹിത്യനഗരം**
എ. സജീവൻ

20 **വി.ഡി.സതീശനുമായി കൂടിക്കാഴ്ച**
എൻ.ഇ. സുധീർ

26 **മത്സരം ബിജെപിയും ജാതിസെൻസസും തമ്മിൽ**
കെ.പി. രാജീവൻ

32 **അപസ്മാരത്തെ നേരിടാം**
ഡോ. ആശാലത രാധാകൃഷ്ണൻ

34 **പീജിയും എമ്മെനും ഏറ്റുമുട്ടിയ കഥ**
ആർ. ജീവകുമാർ

38 **മണികിലുക്കം**
പി. ഹരികുമാർ

60 **കായംകുളം ദുരന്തചിത്രം**
പ്രൊഫ. എം.കെ. ഗംഗാധരൻ

62 **ഭരണക്കാർ ഈ കൃതി വായിക്കുമോ?**
ഡോ. വിജയരാഘവൻ

64 **ക്ഷേമരാഷ്ട്രപരീക്ഷണശാലയിൽ**
ഡോ. പി.ജെ. കുര്യൻ

68 **ഡോ.ഷബീറിന്റെ ആട്ടക്കഥകൾ**
ഡോ. ഉഷാറാണി


## കഥ


04 ജോയ് വാഴയിൽ


## കവിത


19 ടി.കെ.സന്തോഷ്കുമാർ
25 ഡോ.പ്രജീഷ് ഉണ്ണികൃഷ്ണൻ
30 ബി.ഷിഹാബ്
31 ഷൈബു മുണ്ടയ്ക്കൽ
47 ഡോ.പി.കെ.നാസർ
55 പയ്യന്നൂർ വിനീത്കുമാർ
58 മേഴ്സി ടി.കെ
59 വിശ്വമംഗലം സുന്ദരേശൻ
61 ഗോവിന്ദനുണ്ണി
63 അനീഷ് അയിലറ
74 അനിതാ ജയരാജ്, ജയചന്ദ്രൻ ചെക്യാട്
75 എം. വിജയരാഘവൻ,
വിഘ്നേശ്വർ തോന്നയ്ക്കൽ
80 പ്രേം കൃഷ്ണൻ,
ജയചന്ദ്രൻ തോന്നയ്ക്കൽ


## പംക്തി


42 **ജി.കാർത്തികേയന്റെ ജീവചരിത്രം**
എസ്.സുധീശൻ

48 **കേരളം പിന്നിട്ട വികസനവഴികൾ**
അഡ്വ.പി.എസ്.ശ്രീകുമാർ

56 **ആത്മകഥ** - കെ.വി.തോമസ്

69 **അനുഭവം** - സെയ്ഫ് ചക്കുവള്ളി

70 **വിരൽത്തുമ്പിലെ ലോകം**
എസ്. ജഗദീഷ് ബാബു

76 **കത്ത്**

81 **കാർട്ടൂൺ** - ഇ. സുരേഷ്

82 **ഇമേജ് ബുക്ക്** - ദത്തൻ പുനലൂർ



2023
നവംബർ 19 – 26
വില ₹ 30


**2516**

**Founder Editor :**
M.S. Mani

**Editor:** M. Sukumaran

KALA KAUMUDI
Malayalam Weekly
Vol. 47 issue no. 2516
2023 November 19, Price 30

Printed and Published by M.Sukumaran on behalf of Kalakaumudi Publications (Pvt) Ltd. at Kalakaumudi Press, Thiruvananthapuram 695011 and Published at Thiruvananthapuram.



**Pagination & Cover Design:**
Shibu R.P



kalakaumudiedit @ gmail.com
Editorial: Kala Kaumudi,
Kaumudi Gardens,
Kumarapuram,
Thiruvananthapuram -11
0471 - 4000202,
9495549001, 7356222990


വായിക്കാൻ
വരിക്കാരാകാൻ
ക്യൂ ആർ കോഡ്
സ്കാൻ
ചെയ്യുക

നേരിടാം അപസ്മാരത്തെ

ഡോ. ആശാലത രാധാകൃഷ്ണൻ

അപസ്മാരം അഥവാ ചുഴലി എന്നു വിളിക്കുന്ന രോഗാവസ്ഥ 1000 പേരിൽ 5 മുതൽ 10 പേർക്ക് ഉണ്ടാവുന്ന ഒന്നാണ്. ഈ കണക്കുകൾ ഇന്ത്യയിലെ പോലെ വികസിത രാജ്യങ്ങളിലും ഏകദേശം ഒരുപോലെയാണ്. അതുകൊണ്ടുതന്നെ സാധാരണയായി കാണപ്പെടുന്ന ഒരവസ്ഥ എന്ന നിലയിൽ അതിന്റെ ഗൗരവത്തോടുകൂടി തുടക്കത്തിൽ തന്നെ എടുക്കുകയും ശരിയായ ചികിത്സ കൊടുക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

എന്താണ് അപസ്മാരം? രണ്ടിലധികം തവണ ചുഴലി(ജെന്നി) വരുന്ന അവസ്ഥയെയാണ് അപസ്മാരം എന്നു വിളിക്കുന്നത്. മറ്റ് രോഗങ്ങളെ അപേക്ഷിച്ച് ഇതിനുള്ള പ്രധാന വ്യത്യാസം ഇതു വരുന്ന അവസ്ഥയിൽ മാത്രമേ രോഗത്തിന്റെ ചേഷ്ടകൾ അവരിൽ കാണുകയുള്ളൂ എന്നതാണ്. അല്ലാത്ത സമയങ്ങളിൽ അവർ സാധാണ മനുഷ്യരെപ്പോലെ എല്ലാ പ്രവൃത്തികളിലും ഏർപ്പെടും. തലച്ചോറിലെ കോശങ്ങളിൽ ഉണ്ടാവുന്ന ചില വ്യതിയാനങ്ങൾ. ഒരു വൈദ്യുത പ്രവാഹം ഉണ്ടായി ചേഷ്ടകളായി പുറത്തു വരുന്നു. സ്വബോധം നഷ്ടപ്പെട്ട വ്യക്തി മാതിരി ജെന്നി ബാധിച്ച ആളെ കാണപ്പെടുന്നു. ഇത് കുറച്ച് നിമിഷത്തേക്കാണ്. ഏറിയാൽ രണ്ടോ മൂന്നോ മിനിറ്റുകൾ കൊണ്ടു തന്നെ പൂർവ്വസ്ഥിതിയിലേക്ക് വരാറുണ്ട്. ചെറിയ തരം അപസ്മാരങ്ങളിൽ രോഗി സ്തംഭിച്ച് നിൽക്കുകയും പരിസരബോധം നഷ്ടപ്പെട്ട ഒരാൾ പെരുമാറുന്നതുപോലെ സംസാരിക്കുകയോ ചവയ്ക്കുകയോ തുറിച്ചു നോക്കുകയോ ചെയ്യാറുണ്ട്. കൈകൾകൊണ്ട് അടുത്തുള്ള വസ്തുക്കളെ അനിയന്ത്രിതമായി പിടിച്ചു വലിക്കുക, ദിശമാറി നടക്കുക, ഇതൊക്കെ സാധാരണ കാണാറുണ്ട്. എന്നാൽ സിനിമകളിൽ കാണുന്ന വലിയ ജെന്നി, ഇതിൽ രോഗി ഒരു ശബ്ദം പുറപ്പെടുവിക്കുകയും കൈകാലുകളും മുഖവും കോച്ചി വലിക്കുകയും ചെയ്യും. കൈകാലിട്ട് അടിക്കുകയും തൽഫലമായി താഴേയ്ക്കു വീഴുകയും ചെയ്യും. ഇതു കാണുന്ന ഒരു വ്യക്തിക്ക് വളരെയധികം ഭയപ്പാട് ഉണ്ടാകുകയും എന്താണ് ചെയ്യേണ്ടതെന്ന് അറിയാതെ കുഴങ്ങുകയും ചെയ്യും. രണ്ടുതരം അപസ്മാരങ്ങളിലും അപകടങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്.



# അപസ്മാരം ഒരു പ്രതിബന്ധമേ അല്ല



ആദ്യം പറഞ്ഞ അപസ്മാരങ്ങളിൽ രോഗിക്ക് പുറം ലോകവുമായുള്ള ബന്ധം നഷ്ടപ്പെടുന്നതു കൊണ്ട് ഉയരങ്ങളിൽ നിന്ന് വീഴ്ചകളോ, പൊള്ളലോ, റോഡ് മുറിച്ചു കടക്കുമ്പോൾ അപകടങ്ങളോ ഉണ്ടാവാം. എന്നാൽ വലിയ ജെന്നിയിൽ രോഗി താഴെ വീണ് മുറിവും എല്ല് ഒടിയുകയും, നാക്കുകൾ കടിച്ചു മുറിക്കുകയും ചെയ്യാം. അതിനാൽ രണ്ടു തരത്തിലുള്ള അപസ്മാരങ്ങളിലും അവ എത്രയും നേരത്തെ തന്നെ കണ്ടുപിടിക്കുകയും ചികിത്സ ആരംഭിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്.

അടുത്ത ചോദ്യം ഏതു തരത്തിലുള്ള അപസ്മാരം ആണ് എന്നുള്ളതാണ്. ഒരു ദൃക്സാക്ഷി തരുന്ന വിവരണമേ അല്ലെങ്കിൽ അപസ്മാര സമയത്ത് മൊബൈലിൽ എടുത്ത വീഡിയോ ഡോക്ടർക്ക് ഏറ്റവും സഹായമാകും. അതു കഴിഞ്ഞാൽ ഇ.ഇ.ജി, എം.ആർ.ഐ എന്നിവ


**അപസ്മാരം മറ്റേതു രോഗവും പോലെ ചികിത്സിച്ചു മാറ്റാൻ സാധിക്കും. അപസ്മാരരോഗികളെ ഒന്നിൽ നിന്നും മാറ്റി നിർത്തരുത്. അവർക്ക് പഠിക്കാനും ജോലികളിൽ ഏർപ്പെടാനും വിവാഹം കഴിക്കാനും സാധിക്കും. ഇതു ഭൂതപ്രേതബാധയോ മാനസിക വൈകല്യമോ ഭ്രാന്തായോ കരുതിയിരുന്ന ഒരു കാലത്തു നിന്നും നമ്മൾ വളരെ മുമ്പോട്ടു പോയിരിക്കുന്നു. റൂസ് വെൽറ്റ്, അഗത ക്രിസ്റ്റി, ജൂലിയസ് സീസർ, അലക്സാണ്ടർ, സോക്രട്ടീസ്, ഡാവിഞ്ചി, നെപ്പോളിയൻ, ന്യൂട്ടൻ, വാൻഗോഗ്, ടോൾസ്റ്റോയ് – അപസ്മാരമുണ്ടായിരുന്ന പ്രശസ്തരുടെ നിര നീളുന്നു.**

യിൽ നിന്നുള്ള വിവരണങ്ങളാണ്. ചില അവസരങ്ങളിൽ വീഡിയോ ഇ.ഇ.ജി (രോഗിയുടെ ജെന്നി ഒരു വീഡിയോയിൽ റെക്കോർഡ് ചെയ്യുന്നതിനൊപ്പം ഇ.ഇ.ജി കൂടി ചെയ്യുക). ഇവയിലൂടെ അപസ്മാരം ഉത്ഭവിക്കുന്ന ഇടവും തൽഫലമായി ശരിയായ രോഗനിർണ്ണയവും സാദ്ധ്യമാകും.

രോഗനിർണ്ണയത്തിനു ശേഷം ശരിയായ മരുന്നുകൾ തുടങ്ങിയാൽ 50–60 ശതമാനം രോഗികളും അപസ്മാരത്തിൽ നിന്നു മുക്തി നേടുന്നു. എത്ര നാൾ മരുന്നുകൾ കഴിക്കണമെന്നുള്ളത് രോഗസ്വഭാവത്തെയും മറ്റു അനുബന്ധമായ ടെസ്റ്റുകളുടെയും ബന്ധപ്പെടുത്തിയാണ് തീരുമാനിക്കുന്നത്. ഇനി മരുന്നുകൾ കഴിക്കുന്നത് കൊണ്ട് ശരിയാവാത്ത രോഗികൾക്ക് ശ്രീചിത്ര പോലെയുള്ള അപസ്മാര ചികിത്സയ്ക്ക് പേരുകേട്ട കേന്ദ്രത്തിലേക്ക് നൂതന ചികിത്സക്കായി വരാം. (ഏഷ്യയിലെ തന്നെ ഏറ്റവും പ്രശസ്ത കേന്ദ്രമാണിത്). രോഗനിർണ്ണയത്തിനനുസരിച്ച് മൈക്രോസ്കോപ്പിക്ക് ശസ്ത്രക്രിയയിൽ കൂടി ചികിത്സ കൊടുക്കാറുണ്ട്. ലേസർ തെറാപ്പി, തെർമോ അബ്ലേഷൻ, ഡീപ് ബ്രയിൻ സ്റ്റിമുലേഷൻ തുടങ്ങി പുതിയ രീതിയിൽ ഉള്ള ശസ്ത്രക്രിയകളും ഉണ്ട്. ഇതു കൂടാതെ തലച്ചോറിന്റെ ഉള്ളിലേക്ക് ചില പ്രത്യേക ഇലക്ട്രോഡുകൾ വച്ചശേഷം അപസ്മാരം ഉത്ഭവിക്കുന്ന ഇടം കണ്ടുപിടിക്കുന്ന രീതിയും ഉണ്ട്. ഇത്തരത്തിൽ രോഗിക്ക് പൂർണ്ണമായോ നല്ല തോതിലോ അപസ്മാരം ഭേദപ്പെടും.

ചെറിയ ഒരു വിഭാഗം രോഗികളിൽ, ജന്മനാ ബുദ്ധിമാന്ദ്യമോ ജനിതകവൈകല്യങ്ങളോ പലതരത്തിലുള്ള ജെന്നികൾ ഉള്ള വിരളമായ തരത്തിലുള്ള അപസ്മാരങ്ങൾ ഉള്ളവരോ തലച്ചോറിന് ക്ഷതങ്ങളേ ചില മുഴകളോ ഉള്ളവരിൽ രോഗമുക്തി ചിലപ്പോൾ സാദ്ധ്യമായെന്നു വരില്ല. എന്നാലും പുതിയ ചികിത്സ സാദ്ധ്യതകൾ വന്നതോടെ ഇവരിലും നല്ല തോതിൽ അപസ്മാരം കുറയ്ക്കാനാകും.

വർഷം തോറും ദേശീയ അപസ്മാരദിനം, പർപ്പിൾ ഡേ എന്നിങ്ങനെ രണ്ടു ദിവസങ്ങൾ അപസ്മാരത്തിനായി നീക്കി വച്ചിരിക്കുന്നു. അപസ്മാരം മറ്റേതു രോഗവും പോലെ ചികിത്സിച്ചു മാറ്റാൻ സാധിക്കും. അപസ്മാരരോഗികളെ ഒന്നിൽ നിന്നും മാറ്റി നിർത്തരുത്. അവർക്ക് പഠിക്കാനും ജോലികളിൽ ഏർപ്പെടാനും വിവാഹം കഴിക്കാനും സാധിക്കും. ഇതു ഭൂതപ്രേതബാധയോ മാനസിക വൈകല്യമോ ഭ്രാന്തായോ കരുതിയിരുന്ന ഒരു കാലത്തു നിന്നും നമ്മൾ വളരെ മുമ്പോട്ടു പോയിരിക്കുന്നു. റൂസ് വെൽറ്റ്, അഗത ക്രിസ്റ്റി, ജൂലിയസ് സീസർ, അലക്സാണ്ടർ, സോക്രട്ടീസ്, ഡാവിഞ്ചി,



നെപ്പോളിയൻ, ന്യൂട്ടൻ വാൻഗോഗ് ടോൾസ്റ്റോയ് – അപസ്മാരമുണ്ടായിരുന്ന പ്രശസ്തരുടെ നിര നീളുന്നു. പക്ഷെ ഇവരല്ലൊം ലോകത്തിനു മുമ്പിൽ അറിയപ്പെടുന്നത് അപസ്മാരത്തിന്റെ പേരിൽ അല്ല, അവരവരുടെ മേഖലകളിൽ കഴിവുകൾ തെളിയിച്ചാണ്. അതിനാൽ അപസ്മാരം ഒരു വ്യക്തിയുടെ ജീവിതയാത്രയിൽ ആ വ്യക്തിയുടെ ഉന്നമനത്തിന് ഒരിക്കലും ഒരു പ്രതിബന്ധമാണ് എന്ന് രോഗിയും കുടുംബവും സമൂഹവും കരുതേണ്ട കാലം കഴിഞ്ഞു. സമൂഹത്തിന്റെ മുൻനിരയിലേക്ക് അവർ എത്തേണ്ടത് അവരുടെയും സമൂഹത്തിന്റെയും കർത്തവ്യമാണ്.

**(തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ സെന്ററിൽ ന്യൂറോളജി പ്രൊഫസറായ ഡോ.ആശാലത രാധാകൃഷ്ണൻ, ശ്രീചിത്രയിലെ എപ്പിലെപ്സി സെന്ററിന്റെ മേധാവിയാണ്. ഫോൺ: 9847416321)**